## പതിമൂന്നാം കേരള നിയമ സഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 765 — 08.03.2012 ൽ മറുപടിക്ക്

## ജലനിധിയുടെ രണ്ടാം ഘട്ടം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയായ ജലനിധിയുടെ രണ്ടാം ഘട്ടം സംസ്ഥാനത്ത് നടപ്പാക്കാൻ ലോകബാങ്കുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായോ; | (എ) | ധാരണാപത്രം 2012 ഫെബ്രുവരി 15 ന് ഒപ്പുവെച്ചു. |
| ബി എങ്കിൽ എത്ര പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പാക്കിയത്; എന്ത് തുക ഇതിനായി വിനിയോഗിക്കും; എത്ര വർഷം കൊണ്ട് പദ്ധതി ലക്ഷ്യം കൈവരിക്കും എന്ന് വ്യക്തമാക്കുമോ? | ബി | 200 പഞ്ചായത്തുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് ഘട്ടമായിട്ടാണ് പദ്ധതി നടപ്പിലാക്കുക. 1022 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക. 2012 മുതൽ 2017 ജൂൺവരെയുള്ള 5 1/2 വർഷക്കാലമാണ് പദ്ധതിയുടെ കാലാവധി. |
| സി ഒന്നാം ഘട്ടം ജലനിധി പദ്ധതി നടപ്പാക്കിയ താനൂർ പോലുള്ള തീരദേശ പഞ്ചായത്തുകളിൽ ഭൂരിപക്ഷം ബെനിഫിഷറി ഗ്രൂപ്പുകൾക്കും (ബി.ജി.) ഇപ്പോൾ ഒട്ടും തന്നെ വെള്ളം ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | സി | പരാതികൾ ലഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ട പദ്ധതിയിൽ ഒന്നാം ഘട്ടത്തിലെ പദ്ധതികളുടെ പുനരുദ്ധാരണത്തിന് വ്യവസ്ഥയില്ല. എന്നാൽ ഇതു പോലുള്ള പദ്ധതികളുടെ ഭാഗികമായ പുനരുദ്ധാരണത്തിന് പ്രത്യേക പാക്കേജ് നടപ്പാക്കാനുള്ളസാധ്യത പരിശോധിക്കുന്നതാണ്. |
| ഡി ഇത്തരം പഞ്ചായത്തുകളെ ജലനിധിയുടെ രണ്ടാംഘട്ടപദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് ജലനിധി ഡയറക്ടർ ഉറപ്പ് നൽകിയിരുന്നത് ശ്രദ്ധയിലുണ്ടോ; | ഡി | ലോകബാങ്കുമായി ചർച്ച ചെയ്ത് രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി പ്രശ്നം പരിഹരിക്കാ മെന്ന് ബന്ധപ്പെട്ടവരെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകളെ തുടർ ഘട്ടങ്ങളിൽ പരിഗണിക്കാൻ അംഗീകരിക്കപ്പെട്ട പദ്ധതി മാനദണ്ഡങ്ങൾ അനുവദിക്കുന്നില്ല. |
| ഇ ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടതും വെള്ളംലഭിക്കാത്താതുമായ പഞ്ചായത്തുകളെ രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തി ജലലഭ്യത ഉറപ്പുവരുത്തുമോ; | ഇ | ഒന്നാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട കുടിവെള്ള സ്കീമുകളെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതിയിൽ വ്യവസ്ഥയില്ല. ഇക്കാര്യം പ്രത്യേക പാക്കേജായി പരിഗണിക്കുന്നത് പരിശോധി |

ക്കുന്നതണ്.

| | | |
|---|---|---|
| എഫ് | ജലനിധി പദ്ധതി നേരത്തേ നട പ്പാക്കിയ താനൂർ പോലുള്ള പഞ്ചായത്തുകളിൽ മറ്റ് കുടിവെള്ള പദ്ധതികൾ നടപ്പാക്കാൻ നിയമം അനുവദിക്കാത്ത കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | എഫ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ജി | എങ്കിൽ ഇവർക്ക് ജലലഭ്യത ഉറപ്പുവരുത്താൻ എന്തൊക്കെ നടപടി കൈക്കൊള്ളുമെന്ന് വ്യക്ത മാക്കുമോ ? | ജി ഇതിനായി പ്രത്യേക പാക്കേജ് അനുവദിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ